നം.കെഎസ്എ-കെടിഎം.പി.4/1415/2017 തീയതി : 14.09.17

# കോട്ടയം ജില്ലയിലെ കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1-4-16 മുതൽ 31-3-17 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 31.08.2017-ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ ഷൈജു എസ്., ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 24.08.2017 മുതൽ 31.08.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി രേഖ ആർ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീമതി സുധ ജേക്കബ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി അമ്പിളി.യു | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ ലൂക്കോസ് കുര്യൻ | ഓഡിറ്റർ |

നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡൻറ് | ശ്രീ. പി.സി.കുര്യൻ | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ.സജിത് മാത്യൂസ് | 01.04.2016 മുതൽ 04.01.2017 FN വരെ |
| | ശ്രീ.ബി.സജികുമാർ | 04.01.2017 AN മുതൽ 31.03.2017 വരെ |

മറ്റ് നിർവഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ. സാജൻ റ്റി.കെ | 01.04.2016 മുതൽ 31.03.2017 വരെ |
| അസി.സെക്രട്ടറി | ശ്രീമതി ബിന്ദു എസ്. | 01.04.2016 മുതൽ 31.03.2017 വരെ |
| ഹെഡ്മിസ്ട്രസ് | ശ്രീമതി ഉഷാദേവി എൽ. | 01.04.2016 മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ. സി.കെ ഷാജു | 01.04.2016മുതൽ 31.03.2017 വരെ |
| വി.ഇ.ഒ | ശ്രീമതി ലിഷ പി. ജോസ് | 01.04.2016 മുതൽ 15.01.2017 വരെ |
| | ശ്രീ.ഹരികുമാർ. വി.കെ | 16.01.2017 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ.ഫിലിപ്പ് | 01.04.2016മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി ബബിത സി.ബേബി | 01.04.2016 മുതൽ 31.03.2017 വരെ |

| | | |
|---|---|---|
| അസിസ്റ്റന്റ് എൻജിനീയർ എൽ.എസ്.ജി.ഡി | ശ്രീമതി ബ്ലെസ്സി ബേബി | 01.04.2016 മുതൽ 31.03.2017 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി ശ്രീജ രാധാകൃഷ്ണൻ | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | ഡോ. സി.വൈ. എൽസി | 01.04.2016 മുതൽ 31.03.2017 വരെ |

ഉള്ളടക്കം


| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| ഭാഗം 1 പൊതു അവലോകനം | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തനത് വരുമാനം |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | ആഭ്യന്തരനിയന്ത്രണം |
| 1-11 | മറ്റ് ഓഡിററുകൾ നടത്തിയതിന്റെ വിവരം |
| ഭാഗം 2 വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | വാർഷിക കണക്കുകളുടെ അവലോകനം |
| 2-2-1 | രസീത് കൗണ്ടർ ഫോയിലുകൾ നഷ്ടപ്പെടുത്തിയത് |
| 2-2-2 | ക്യാൻസൽ ചെയ്ത തുകയും റിപ്പോർട്ട് പ്രകാരമുള്ള തുകയും വ്യത്യാസം |
| 2-2-3 | കക്ഷികൾക്ക് കൃത്യമായി വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുല്ള രസീതുകൾ നൽകേണ്ടതാണ് |
| 2-3-1 | മൊബൈൽ ടവറുകളുടെ വസ്തുനികുതി – ഭീമമായ കുടിശ്ശിക |
| 2-3-2 | വസ്തുനികുതി – സഞ്ചയയിൽ തെറ്റായ നിരക്കിൽ നികുതി നിർണ്ണയിച്ചത് |
| 2-3-3 | വസ്തുനികുതി പരിഷ്കരണം – സോഫ്റ്റ്‌വെയർ അപാകതകൾ |
| 2-4 | തൊഴിൽനികുതി/സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിൽ വീഴ്ച |

| | |
|---|---|
| 2-5 | പരസ്യനികുതി ഈടാക്കാത്തത് സംബന്ധിച്ച് |
| 2-6 | ഡി & ഒ ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ അനധികൃതമായി പ്രവർത്തിക്കുന്നു |
| 2-7 | ഇ-ടെൻഡർ – ടെൻഡർ ഫീ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് തിരികെ ലഭിച്ചിട്ടില്ല |
| ഭാഗം 3 ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | സീറോവെയ്സ്റ്റ് കോട്ടയം പദ്ധതി – പദ്ധതി നടത്തിപ്പിൽ കാലതാമസം |
| 3-2 | ഓലിക്കാലെ കുടിവെള്ള പദ്ധതി പി.വി.സി.പൈപ്പ് സ്ഥാപിക്കൽ അധികനിരക്ക് നൽകിയത് – നിരാകരിക്കുന്നു |
| 3-3 | സബ്സിഡി മാർഗ്ഗരേഖ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ് |
| 3-4 | ഗ്രോബാഗ് വാങ്ങിയതിന്റെ ഇൻവോയ്സ് ലഭ്യമല്ല |
| 3-5 | ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ – പദ്ധതി പൂർത്തീകരിക്കേണ്ടതാണ് |
| 3-6 | മരുന്ന് പൂർണ്ണമായി ലഭ്യമായിട്ടില്ല – ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-7- | ഓണം മുൻകൂർ നൽകിയത് ക്രമീകരിച്ചിട്ടില്ല |
| 3-8 | വിനിയോഗ സാക്ഷ്യപത്രമില്ല- തുക തടസ്സപ്പെടുത്തുന്നു |
| 3-9 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി |
| ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം 2016-17 |
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് - 31.03.2017 തീയതിയിൽ |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2016-17 |

| | |
|---|---|
| അനുബന്ധം 4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2016-17 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016 -17 വർഷത്തെ ബജറ്റ്/പുതുക്കിയ ബജറ്റ് 29.3.17 ലെ 1-ാം നം തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 3461895/- |
| വരവ് | 54053361/- |
| ആകെ | 57515256/- |
| ചെലവ് | 54684500/- |
| നീക്കിയിരിപ്പ് | 2830756/- |

## 1-2 വാർഷിക ധനകാര്യപത്രിക.

2016-17 വർഷത്തെ വാർഷിക കണക്കുകൾ 21-6-17 ൽ ഓഡിറ്റിനായി സമർപ്പിച്ചിട്ടുണ്ട്.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

21-6-17 തീയതിയിൽ ഓഡിറ്റിനു ലഭ്യമാക്കിയ 2016-17 വർഷത്തെ വാർഷിക കണക്കുകൾ ഓഡിറ്റ് വേളയിൽ പരിശോധിച്ചു. ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധമായി ചേർത്തിട്ടുണ്ട്. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2840697/- |
| വരവ് | 42415938/- |
| ആകെ | 45256635/- |
| ചെലവ് | 39070817/- |
| നീക്കിയിരിപ്പ് | 6185818/- |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ അലോട്ട്മെന്റ് | ആകെ | ചെലവ് | അലോട്ട്മെന്റ് നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 8518891- | 8518891- | 8398882- | 120009- | 98.6 |
| വികസനഫണ്ട് എസ്.സി.പി. | 0 | 1239849- | 1239849- | 977000- | 262849- | 78.8 |
| വികസനഫണ്ട് | 0 | 159120- | 159120- | 159120- | 0 | 100 |

| | | | | | | |
|---|---|---|---|---|---|---|
| ടി.എസ്.പി. | | | | | | |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 8567235- | 8567235- | 5194552- | 3372683- | 60.6 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2554755- | 2554755- | 2261573- | 293182- | 88.5 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 4777350- | 4777350- | 1645011- | 3132339- | 34.43 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 2716368 | 2716368- | 209000- | 2507368- | 7.7 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 145 | 45982290 | 94 | 5668853 | 39 | 12 | 64.83 |

- ഉത്പാദനമേഖലയിൽ അഞ്ച് പ്രോജക്ടുകൾ മാത്രമെ നടപ്പിലാക്കാൻ കഴിഞ്ഞിട്ടുള്ളൂ. സേവനമേഖലയിൽ പാലിയേറ്റീവ് കെയർ, ആയുർവേദആശുപത്രിക്ക് മരുന്നുവാങ്ങൽ,ശാരീരികമാനസിക വെല്ലുവിളി നേരിടുന്നവർക്ക് പഠനസഹായം തുടങ്ങിയ പ്രോജക്ടുകൾ നടപ്പിലാക്കി.പശ്ചാത്തല മേഖലയിൽ വിവിധ വാർഡുകളിലെ റോഡ് കോൺക്രീറ്റിംഗ്, ടാറിംഗ്, സംരക്ഷണഭിത്തി നിർമ്മാണം, കുറവിലങ്ങാട് ബസ് സ്റ്റാൻഡ് റീടാറിംഗ്, ബസ് സ്റ്റാൻഡ് കംഫർട്ട് സ്റ്റേഷൻ നവീകരണം, എന്നിവയുൾപ്പെടെ പല പദ്ധതികളും നടപ്പാക്കുകയുണ്ടായി. തൻ വർഷം ആശ്രയ പദ്ധതിക്ക് തനത് ഫണ്ട് വകയിരുത്തിയെങ്കിലും തുകയൊന്നും ചെലവഴിച്ചിട്ടില്ല.

## 1-7 തനതു വരുമാനം

മുൻവർഷത്തേക്കാൾ പഞ്ചായത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെപ്പറയും പ്രകാരം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | 3977684 | 7599701 | (+)3622017 |
| നികുതിയേതര വരവുകൾ | 2367946 | 4109516 | (+)1741570 |
| മറ്റു വരവുകൾ | 23332 | 78535 | (+)55203 |
| ആകെ | 6368962 | 11787752 | (+)5418790 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 47520/- | 36 |

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 2848620/- | 343 |
| വിധവാ പെൻഷൻ | 3754720/- | 405 |
| വാർദ്ധക്യകാല പെൻഷൻ | 9963460/- | 1308 |
| വികലാംഗ പെൻഷൻ | 1396450/- | 165 |
| 50 വയസ്സിനുമേൽ പ്രായമായ അവിവാഹിതർക്കുള്ള പെൻഷൻ | 342770/- | 37 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29-8-2017-ൽ 3.15പി.എം.-ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 148088/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണ സംവിധാനം

കൃത്യമായ ജോലിവിഭജന രേഖയുടെ അടിസ്ഥാനത്തിൽ വിവിധ സെക്ഷനുകൾക്ക് ചുമതലകൾ കൈമാറിയിട്ടുണ്ട്. നിർവഹണോദ്യോഗസ്ഥരുടെ റിക്വസിഷനുകളുടേയും അലോട്ട്മെൻറ് ലെറ്ററുകളുടേയും അടിസ്ഥാനത്തിൽ ആണ് ഫണ്ടുകൾ കൈമാറുന്നത്. വിവിധ കമ്മിറ്റികളുടെ മിനിറ്റ്സ് കൃത്യമായി എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. വൗച്ചറുകൾ ക്രമമായി സൂക്ഷിച്ചിട്ടുണ്ട്. വൗച്ചറുകളിലെ ചെലവുകളെ സാധൂകരിക്കുന്ന അനുബന്ധ രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമാണ്

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.05..2017 | 03/2017/ -04/17 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13.01.2017 | 2011-12 മുതൽ 2015-16 വരെ | LBA/(HQ)11/BA2560/ 16-17/ 435/3-3-17 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കുകളുടെ അവലോകനം

കുറവിലങ്ങാട് ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമായ റസീറ്റ്സ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വർഷാരംഭ മുൻബാക്കി 28,40,697/- രൂപയും തൻവർഷ വരവ് 4,24,15,938/- രൂപയും തൻവർഷത്തെ ചെലവ് 3,90,70,817/- രൂപയും വർഷാവസാന ബാക്കി 61,85,818/- രൂപയുമാണ്. തൻവർഷത്തെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ പ്രകാരമുള്ള വരുമാനം 7,06,35,774/- രൂപയും തൻവർഷചെലവ് 6,78,06,756/- രൂപയും പ്രവർത്തനമിച്ചം(Surplus) 28,29,018/- രൂപയുമാണ്.

1. 26.07.2011-ലെ ജി.ഒ.(എംസ്) 152/11/ എൽ. എസ്. ജി. ഡി. യിലെ നിർദേശങ്ങൾ പാലിച്ച് ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.

2. ആസ്തി/ബാധ്യതകളുടെ മൂല്യം തിട്ടപ്പെടുത്തുന്ന പ്രക്രിയ പൂർത്തിയായിട്ടില്ലാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.

3. വസ്തുനികുതിയുടെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ഡിമാന്റ് കളക്ഷൻ ബാലൻസ് തുക സഞ്ചയ പ്രകാരമുള്ള ഡിമാന്റ് കളക്ഷൻ ബാലൻസ് തുകയുമായി പൊരുത്തപ്പെടുന്നില്ല (ഖ 2.2.3).

4. ബി 4 ഷെഡ്യൂളിൽ 320300199 എന്ന ശീർഷകത്തിൽ 329220/- രൂപ ബാദ്ധ്യത ഉള്ളതായി കാണുന്നു. എന്നാൽ ടി തുക മദർ തെരേസ റോഡ് നിർമ്മാണത്തിന് വേണ്ടി പ്രാദേശിക വികസനഫണ്ട് ലഭിച്ചതും 3/17 ൽ ചെലവഴിച്ചതുമാണ്.

5.ബി 4 ഷെഡ്യൂളിലെ 320700204 എന്ന ശീർഷകത്തിൽ 400000/- രൂപ ബാദ്ധ്യത ഉള്ളതായി കാണുന്നു. എന്നാൽ ടി തുക സംയുക്ത പ്രോജക്ടിനായി ബ്ളോക്ക് പഞ്ചായത്ത് വിഹിതം ലഭിച്ചതും 3/17 ൽ ചെലവഴിച്ചതുമാണ്.

6.ബി 4 ഷെഡ്യൂളിലെ 320200322 എന്ന ശീർഷകത്തിൽ ബാദ്ധ്യതയായി കാണിച്ചിട്ടുള്ള 827738/- രൂപയിൽ 96000/- രൂപ ഒഡിഎഫ് പ്രോജക്ടിനായി തനത്ഫണ്ടിൽ നിന്നും ചെലവഴിച്ച തുക ടിഎസ് സിയിൽ നിന്നും തിരികെ ലഭിച്ചതാണ്. ബാക്കിയുള്ള 731738/- രൂപ യഥാർത്ഥ ബാദ്ധ്യതയാണോയെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

7.ബി 4 ഷെഡ്യൂളിലെ 320200305 എന്ന ശീർഷകത്തിൽ ബാദ്ധ്യതയായി കാണിച്ചിട്ടുള്ള 192000/--രൂപ ഒഡിഎഫ് പ്രോജക്ടിനായി തനത്ഫണ്ടിൽ നിന്നും ചെലവഴിച്ച തുക ടിഎസ് സിയിൽ നിന്നും തിരികെ ലഭിച്ചതാണ്.

8. ബി 4 ഷെഡ്യൂളിൽ ഗുണ.വിഹിതമിനത്തിൽ കാണിച്ചിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ലഭിച്ചിട്ടില്ല.

9.സെക്രട്ടറി നടപ്പാക്കിയ വലിയതോട് ക്ളീനിംഗ് എന്ന പ്രോജക്ടിന്റെ ഭാഗമായി വികസനഫണ്ട് പിൻവലിച്ച് സെക്രട്ടറിയുടെ പേരിലുള്ള തനത്ഫണ്ട് ബാങ്ക് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്യുകയും പിന്നീട് ഗുണഭോക്താവിന് നൽകിയത് മൂലം വരവിലും ചെലവിലും 495000/- രൂപയുടെ ഇരട്ടിപ്പ് വന്നിട്ടുണ്ട്.

## 2-2-1 രസീത് കൗണ്ടർ ഫോയിലുകൾ നഷ്ടപ്പെടുത്തിയത്

29.08.2016-ൽ കാര്യാലയത്തിൽ ഉപയോഗിച്ച 11603101606 മുതൽ 11603101618 വരെയുള്ള പതിമൂന്ന് രസീതുകളുടെ കൗണ്ടർ ഫോയിൽ സൂക്ഷിച്ചിട്ടില്ല. ഈ അപാകത സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.1 ന്, 29.08.2016-ലെ കൗണ്ടർ ഫോയിൽ സൂക്ഷിച്ചിരുന്നതും മാറ്റുവാൻ വിട്ടുപോയിരുന്നതുമായ മേശ പ്രസ്തുത കാലയളവിൽ പുതുതായി ചാർജ്ജെടുത്ത ക്ലാർക്ക് ഉപയോഗ്യമല്ലാ എന്ന ധാരണയിൽ അതിനകത്തെ പേപ്പറുകളെല്ലാം ചവറ്റ് കുട്ടയിൽ നിക്ഷേപിച്ച് വൃത്തിയാക്കിയപ്പോൾ സംഭവിച്ച അബദ്ധമാണെന്നാണ് മറുപടി നൽകിയത്. ഈ അപാകതക്ക് കാരണം അക്കൗണ്ടന്റിന്റെയും ഉത്തരവാദിയായ ക്ലാർക്കിന്റെയും ഭാഗത്തുനിന്നുള്ള ഗുരുതരമായ കൃത്യവിലോപം മൂലമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ കൂടുതൽ ജാഗ്രത പുലർത്തേണ്ടതാണ്.

## 2-2-2 ക്യാൻസൽ ചെയ്ത തുകയും റിപ്പോർട്ട് പ്രകാരമുള്ള തുകയും വ്യത്യാസം

13. 06. 2016- ൽ ക്യാൻസൽ ചെയ്ത രസീത് നം. 11603100812 (സ്റ്റേഷനറി നം. 1593675) പ്രകാരം 116/- രൂപയും ക്യാൻസൽഡ് റിപ്പോർട്ട് പ്രകാരം 244/-രൂപയായും കാണുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.1 ന് മതിയായ വിശദീകരണം നൽകുവാൻ കഴിഞ്ഞിട്ടില്ല. ഇപ്രകാരമുള്ള അപാകത വരുവാനുള്ള കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്. സാംഖ്യാ സോഫ്റ്റ് വെയറിലുള്ള അപാകതയാണെങ്കിൽ IKM-ന്റെ സഹായം തേടേണ്ടതാണ്.

## 2-2-3 കക്ഷികൾക്ക് കൃത്യമായി വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള രസീതുകൾ നൽകേണ്ടതാണ്

കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിൽ 2016-17 വർഷം ഉപയോഗിച്ച രസീത് നം. 11603100652, 11603100866, 11603101054, 11603101055 എന്നിവയിൽ സ്റ്റേഷനറി ഉപയോഗിക്കാതെ രസീത് നൽകിയതായും, ഒരു സ്റ്റേഷനറിയിൽ തന്നെ വ്യത്യസ്തങ്ങളായ രണ്ട് രസീതുകൾ പ്രിന്റ് ചെയ്തിരിക്കുന്നതായും കാണുന്നു. ഉദാ. ചുവടെ ചേർക്കുന്നു

| ക്രമ നം. | സ്റ്റേഷനറി നം. | രസീത് നമ്പരുകൾ |
|---|---|---|
| 1 | 1593770 | 11603100865 & 11603100867 |

| | | |
|---|---|---|
| 2 | 1596035 | 11603103113 & 11603103114 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.1 ന് പ്രിന്റർ തകരാർ മൂലം പ്രിന്റ് വരാതിരിക്കുകയും രസീത് ക്യാൻസലേഷൻ ഒഴിവാക്കുന്നതിനായി കക്ഷികളുടെ സമ്മതത്തോടെ ചിട്ടയുടെ കോപ്പി നൽകിയത് മൂലമാണ് സ്റ്റേഷനറി ഉപയോഗിക്കാതെ രസീത് നൽകേണ്ടിവന്നതെന്നും. പ്രിന്റർ തകരാർ മൂലം ഓവർ ലാപ്പായി പ്രിന്റ് വന്നത് മൂലമാണ് ഒരു സ്റ്റേഷനറിയിൽ തന്നെ വ്യത്യസ്തങ്ങളായ രണ്ട് രസീതുകൾ പ്രിന്റായിരിക്കുന്നതെന്നും അറിയിച്ചിട്ടുണ്ട്. രസീതുകൾ ഉപയോഗിക്കുമ്പോൾ പ്രിന്റർ തകരാർ മൂലം പ്രിന്റ് വരാതിരിക്കുകയോ ഓവർ ലാപ്പായി പ്രിന്റ് വരികയോ ചെയ്യുന്ന സന്ദർഭങ്ങളിൽ പ്രസ്തുത രസീതുകൾ ക്യാൻസൽ ചെയ്ത് കക്ഷികൾക്ക് കൃത്യമായി വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള സാംഖ്യാ രസീതുകൾ നൽകേണ്ടതാണ്.

## 2-3-1 മൊബൈൽടവറുകളുടെ വസ്തുനികുതി- ഭീമമായ കുടിശ്ശിക

14.01.2011-ലെ ജി.ഒ.(പി) 19/2011/ത.സ്വ.ഭ.വ-ഉത്തരവ് പ്രകാരം മൊബൈൽ ടവറുകളുടെ അടിസ്ഥാന വസ്തുനികുതി ചതുരശ്ര മീറ്ററിന് 500/- രൂപയായി 2013-14 ഒന്നാം അർദ്ധവർഷം മുതൽ പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് പ്രദേശത്ത് സ്ഥാപിച്ചിട്ടുള്ള 8 മൊബൈൽ ടെലിക്കമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനികുതി പുതുക്കിയിട്ടുണ്ട്. പുതുക്കിയ നിരക്കിലുള്ള വസ്തുനികുതി കുടിശ്ശിക മൂന്ന് മൊബൈൽ ടവറുടമകൾ അടച്ചിട്ടുമുണ്ട് (ക്രമ നം.2, 3, 4).

| ക്രമ നം | കെട്ടിട നം. | ടവറിന്റെ പേര് | വിസ്തീർണ്ണം ( ച.മീ) | നിർണയിച്ച വാർഷിക നികുതി | 16-17 വരെയുള്ള കുടിശ്ശിക |
|---|---|---|---|---|---|
| 1 | 6/51 | ഐഡിയ മൊബൈൽ കമ്മ്യൂണിക്കേഷൻസ് ലി. | 31 | 13950+698 | 74148- |
| 2 | 6/116 | റിലയൻസ് ഇൻഫോകോം ലി. | 30.25 | 13613+681 | 71470- |
| 3 | 6/119 | എയർടെൽ മൊബൈൽ ടവർ | 34 | 15300+765 | 16065- |
| 4 | 6/371 | വയർലെസ് സർവീസ് ലി. | 4.5 | 1800+90 | 1890- |
| 5 | 6/585 | ബിഎസ്എൻഎൽ | 60 | 33000+1650 | 173250- |
| 6 | 9/335 | കെ.എം.മാത്യു, കിഴക്കേമറ്റത്തിൽ | 3 | 1650+83 | 8665- |
| 7 | 13/6 | ഭാരതി ഇൻഫ്രാസ്ട്രക്ച്ചർ ലി. | 288 | 144000+7200 | 151200- |
| 8 | 14/170 | ബിഎസ്എൻഎൽ, പാല | 4.88 | 1952+98 | 11158- |
| | | | | ആകെ | 1023506- |

സഞ്ചയയിലെ വിവരങ്ങൾ പ്രകാരം ക്രമ നം 4,6,8 എന്നിവയിലെ ടവറുകളുടെ വിസ്തീർണ്ണം വളരെ കുറവാണ്. ടവറുകളുടെ വസ്തുനികുതി പുന:നിർണ്ണയത്തിൽ വിസ്തീർണ്ണം കണക്കാക്കിയത് ടവറിന്റെ ബേസ് ഏരിയ, ബാറ്ററി മുറി, ജനറേറ്റർ മുറി എന്നിങ്ങനെയുള്ള അനുബന്ധ കെട്ടിടങ്ങൾക്കെല്ലാം ഉൾപ്പടെയാണോയെന്നത് വ്യക്തമല്ല. മേൽ പറഞ്ഞ ടവറുകളുടെ നികുതി നിർണയിച്ചത് സ്ഥലപരിശോധന നടത്തി ഉറപ്പാക്കേണ്ടതും നികുതി നിർണയം നടത്താത്ത മൊബൈൽടവറുകളുണ്ടോയെന്ന് വാർഡ് മെമ്പർമാരുടെ സഹായത്തോടെ കണ്ടെത്തുകയും നികുതി ഈടാക്കേണ്ടതുമാണ്.

## 2-3-2 വസ്തുനികുതി- സഞ്ചയയിൽ തെറ്റായ നിരക്കിൽ നികുതി നിർണയിച്ചത്-

വസ്തുനികുതി നിർണയം സംബന്ധിച്ച സഞ്ചയയിലെ വിവരങ്ങൾ പ്രകാരം 61 കെട്ടിടങ്ങളെ വ്യവസായാവശ്യത്തിനുള്ള കൈത്തറിഷെഡ്, കയർപിരിഷെഡ് എന്ന വിഭാഗത്തിൽപ്പെടുത്തി 12/- രൂപ നിരക്കിൽ നികുതി ചുമത്തിയിരിയ്ക്കുന്നു. എന്നാൽ ഇവയിൽ ചിലതിന്റെ ഉപയോഗക്രമത്തിൽ ലൈവ് സ്റ്റോർ, സ്റ്റോറേജ് ഷെഡ് എന്നിങ്ങനെയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | ഉടമയുടെ പേര് | വിസ്തീർണ്ണം (ച.മീ) |
|---|---|---|---|
| 1 | 2/605 | പ്രസിഡന്റ്, എക്സ് സർവീസ്മെൻ ക്ലബ്ബ് | 129 |
| 2 | 6/546 | മദർ സുപ്പീരിയർ, കർമ്മലീത്ത കോൺവെന്റ് | 40 |
| 3 | 13/670 | ഡോ.എക്സൺ മാത്യു, റോസ്മൗണ്ട് | 172 |
| 4 | 13/671 | ഡോ.എക്സൺ മാത്യു, റോസ്മൗണ്ട് | 172 |

ഇത് ഓഡിറ്റ് സമാപനയോഗത്തിൽ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ ക്രമ നം 3,4 എന്നിവ തെറ്റായി നികുതിനിർണയം നടത്തിയെന്നത് സമ്മതിയ്ക്കുകയും പഞ്ചായത്തിൽ 61 കൈത്തറി/ കൈത്തൊഴിൽഷെഡുകൾ ഇല്ലായെന്നും ഇവ അടിയന്തിരമായി പരിശോധിയ്ക്കുന്നതാണെന്നും മറുപടി നൽകി. നികുതിനിർണയത്തിലെ അപാകതകൾ പരിഹരിച്ച് വിവരം അറിയിയ്ക്കേണ്ടതാണ്.

## 2-3-3 വസ്തുനികുതിപരിഷ്ക്കരണം- സോഫ്റ്റ്‌വെയർ അപാകതകൾ

പഞ്ചായത്ത് പരിധിയിൽപ്പെട്ട 6317 കെട്ടിടങ്ങളുടെ ബേസ് ഡാറ്റാ എൻട്രി പൂർത്തിയാക്കിയിട്ടുണ്ട്.

- സാംഖ്യ, സഞ്ചയ സോഫ്റ്റ്‌വെയറുകളുടെ ഇന്റഗ്രേഷൻ നടത്തി 2013-14ന് ശേഷം സാംഖ്യ പ്രകാരം സ്വീകരിച്ച വസ്തുനികുതിയുടെ രസീതുകൾ സഞ്ചയ ഡേറ്റാബേസിലെ കെട്ടിടങ്ങളുമായി മാപ്പ് ചെയ്യുന്ന പ്രവൃത്തി പൂർത്തിയായിട്ടില്ല. ആകെയുള്ള 10330 രസീതുകളിൽ 9693എണ്ണമാണ് മാപ്പ് ചെയ്തിട്ടുള്ളത്. 637 രസീതുകളുടെ മാപ്പിംഗ് പൂർത്തിയാക്കാനവശേഷിയ്ക്കുന്നു.
- 2016-17 വർഷത്തെ വസ്തുനികുതിയുടെ സാംഖ്യ പ്രകാരമുള്ള ആകെ വരവ് 5510679- രൂപയും സഞ്ചയ പ്രകാരം 1445575- രൂപയുമാണ്.
- വസ്തുനികുതി നീക്കിയിരിപ്പിലും, സഞ്ചയയും സാംഖ്യയും തമ്മിൽ വലിയ അന്തരമുണ്ട്. സാംഖ്യയിൽ കുടിശ്ശിക 6815197/- രൂപയും സഞ്ചയയിൽ 9392358.5 രൂപയുമാണ്.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 2-4 തൊഴിൽ നികുതി/ സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിൽ വീഴ്ച

താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2016-17 വർഷം തൊഴിൽ നികുതി/ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം | തൊഴിൽ നികുതി/ സ്ഥാപന തൊഴിൽ നികുതി |
|---|---|---|---|
| 1 | മാവേലി സ്റ്റോർ | I'st & II'nd | സ്ഥാപന തൊഴിൽ നികുതി |
| 2 | ദേവസ്വം | I'st & II'nd | തൊഴിൽ നികുതി& സ്ഥാപന തൊഴിൽ നികുതി |
| 3 | കൃപാ മോട്ടോഴ്സ് | I'st & II'nd | തൊഴിൽ നികുതി |
| 4 | ക്ഷീരോൽപാദക സഹകരണ സംഘം കുര്യം | I'st & II'nd | തൊഴിൽ നികുതി |

| | | | |
|---|---|---|---|
| 5 | ക്ഷീരോൽപാദക സഹകരണ സംഘം തോട്ടുവ | I'st & II'nd | തൊഴിൽ നികുതി |
| 6 | ക്ഷീരോൽപാദക സഹകരണ സംഘം കുറവിലങ്ങാട് | I'st & II'nd | തൊഴിൽ നികുതി |
| 7 | കുളത്താശ്ശേരിൽ കുറീസ് | I'st & II'nd | തൊഴിൽ നികുതി& സ്ഥാപന തൊഴിൽ നികുതി |

D&O ലൈസൻസിനായുള്ള അപേക്ഷയിൽ സ്ഥാപനയുടമ രേഖപ്പെടുത്തിയിട്ടുള്ള ജീവനക്കാരുടെ എണ്ണത്തിനാനുപാതികമായി തൊഴിൽ നികുതി റിട്ടേൺ സമർപ്പിച്ച് തുക ഒടുക്കാത്തതായി കാണുന്നു. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | D&O ലൈസൻസിനായുള്ള അപേക്ഷ പ്രകാരം ജീവനക്കാരുടെ എണ്ണം | തൊഴിൽ നികുതി അടച്ച ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | സ്റ്റീഫൻ& സൺസ് തടിമിൽ | 08 | - |
| 2 | നിധീരി ഫ്യൂവൽസ് | 05 | - |
| 3 | സ്റ്റാർ മാച്ച് വർക്സ് | 07 | - |
| 4 | നവോദയാ നോട്ട്ബുക്ക് നിർമ്മാണം | 09 | - |
| 5 | ഹോട്ടൽ സാനിയോ | 12 | - |
| 6 | സെന്റ് മേരീസ് ഇൻഡസ്ട്രീസ് | 10 | - |
| 7 | വിജയാ റസ്റ്റോറന്റ് | 06 | - |
| 8 | പുറയ്ക്കൽ ഹോണ്ടാ | 09 | - |
| 9 | ഞരളിക്കോട്ടിൽ ബേക്കറി & ഫുഡ് കോർട്ട് | 07 | - |

പ്രസ്തുത അപാകതകൾ സംബന്ധിച്ച ഓഡിറ്റ് അന്വേഷണകുറിപ്പ് നം. 11 ന്, പരാമർശിക്കപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതി കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതും പട്ടിക രണ്ട് പ്രകാരമുള്ള സ്ഥാപന ഉടമകളിൽനിന്ന് ജീവനക്കാരുടെ അർദ്ധവാർഷിക സ്റ്റേറ്റ്മെന്റ് വാങ്ങി തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായവരുടെ പക്കൽ നിന്ന് അർഹമായ തൊഴിൽ നികുതി ഈടാക്കേണ്ടതുമാണ്.

## 2-5 പരസ്യ നികുതി ഈടാക്കാത്തത് സംബന്ധിച്ച്

2016-17- ലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കുറവിലങ്ങാട് ഗ്രാമ പഞ്ചായത്തിന് പരസ്യ നികുതി ഇനത്തിൽ യാതൊരു വരുമാനവും ലഭ്യമായിട്ടില്ല. വളരെ വേഗത്തിൽ വികസിച്ചുകൊണ്ടിരിക്കുന്നതും ഏറ്റുമാനൂർ, പാലാ എന്നി നഗര പ്രദേശങ്ങളോടടുത്ത് സ്ഥിതി ചെയ്യുന്ന ഈ പ്രദേശത്ത് നിരവധി വ്യാപാര വ്യവസായ ശാലകൾ പ്രവർത്തിക്കുന്നതും സംസ്ഥാനത്തെ പ്രധാന റോഡായ എം. സി. റോഡ്, വൈക്കം- കുറവിലങ്ങാട്- പാലാ റോഡ് മറ്റ് പല PWD റോഡുകളും കടന്നുപോകുന്നതുമാണ്. ഓഡിറ്റിന്റെ പരിശോധനയിൽ വലിപ്പമേറിയതും ശ്രദ്ധയാകർഷിക്കുന്നതുമായ വളരെയധികം പരസ്യ ബോർഡുകൾ സ്ഥാപിച്ചിട്ടുള്ളതായി കാണുവാൻ സാധിച്ചിട്ടുണ്ട്. നടപടിക്രമങ്ങൾ പൂർത്തിയാക്കി പരസ്യ നികുതി പിരിച്ചെടുക്കാത്തതിന് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറി നം. 3 ന് ബഹു. പഞ്ചായത്ത് ഡയറക്ടറുടെ അംഗീകാരത്തിനായി 21.03.2017–ൽ പരസ്യ നികുതി ബൈലോ സമർപ്പിച്ചിട്ടുള്ളതായും അംഗീകാരം ലഭ്യമാകുന്നമുറയ്ക്ക് പരസ്യ നികുതി ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ തനതുവരുമാന മാർഗ്ഗമായ പരസ്യ നികുതി കാലതാമസം കൂടാതെ ഈടാക്കുന്നതിനാവശ്യമായ നടപടകൾ സ്വീകരിക്കുന്നതിലേക്കായി പഞ്ചായത്ത് ധനകാര്യകമ്മറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു.

## 2-6 ഡി&ഒ ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ അനധികൃതമായി പ്രവർത്തിക്കുന്നു

സഞ്ചയഡേറ്റ ബേസ് പ്രകാരം പഞ്ചായത്തിൽ 1346- ത്തോളം കെട്ടിടങ്ങൾ വാണിജ്യാനുബന്ധാവശ്യങ്ങൾക്കായി അസസ്സ് ചെയ്തിട്ടുണ്ടെങ്കിലും ഡി& ഒ ലൈസൻസ് എടുത്തുപ്രവർത്തിക്കുന്നത് 375 സ്ഥാപനങ്ങൾ മാത്രമാണ്. ഒരു സ്ഥാപനം പല കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതിനുള്ള സാഹചര്യം ഉണ്ടെങ്കിലും 28 ശതമാനത്തിൽ താഴെ കെട്ടിടങ്ങൾ മാത്രമാണ് ഡി& ഒ ലൈസൻസ് എടുത്തിട്ടുള്ളതെന്നത് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഏഴ് കള്ള്ഷാപ്പുകളിൽ ഒന്നുപോലും ഡി&ഒ ലൈസൻസ് എടുത്തല്ല പ്രവർത്തിക്കുന്നത്. അതോടൊപ്പം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതും ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുള്ളതുമായ താഴെചേർക്കുന്ന സ്ഥാപനങ്ങളും ഡി&ഒ ലൈസൻസ് എടുത്തിട്ടില്ല

| ക്രമ നം. | സ്ഥാപനം |
|---|---|
| 1 | ഇറച്ചിവിൽപന ശാലകൾ |
| 2 | ക്ഷീരോൽപാദകസംഘങ്ങൾ |
| 3 | റേഷൻ കടകൾ |
| 4 | മാവേലി സ്റ്റോഴ്സ് / സിവിൽ സപ്ലൈസ് കേന്ദ്രങ്ങൾ |

മേൽ പ്രതിപാദിച്ച അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നം. 08- ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇറച്ചിവിൽപന ശാലകൾ, കള്ളുഷാപ്പുകൾ തുടങ്ങി പരാമർശിക്കപ്പെട്ട സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെ അനധികൃതമായി പ്രവർത്തിക്കുന്ന സാഹചര്യമുണ്ടയത് പഞ്ചയത്തിന്റെ ഭാഗത്തുന്നുള്ള ഗൗരവകരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. വാണിജ്യാവശ്യങ്ങൾക്കായി അസസ്സ് ചെയ്ത കെട്ടിടങ്ങളിൽ ഡി& ഒ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുണ്ടോ എന്നത് സംബന്ധിച്ച് വാർഡ്തല പരിശോധന നടത്തേണ്ടതും, മേൽ പട്ടികയിൽ പരാമർശിക്കപ്പെട്ട സ്ഥാപനങ്ങൾ ഡി&ഒ ലൈസൻസ് എടുക്കുന്നതിനാവശ്യമായ നടപടികൾ ഉടൻ സ്വീകരിക്കേണ്ടതുമാണ്.

## 2-7 ഇ-ടെൻഡർ- ടെൻഡർ ഫീ പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ലഭിച്ചിട്ടില്ല.

2016-17 വർഷം ഇ-ടെൻഡർ മുഖേന നടപ്പാക്കിയ പ്രവൃത്തികളുടെ ടെൻഡർ ഫീസിനത്തിലുള്ള തുക എൽ.എസ്.ജി.ഡി.എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള അക്കൗണ്ടിലേക്ക് ഓൺലൈനായി ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ടെൻഡർ ഫീ ഗ്രാമപഞ്ചായത്തിന് തിരികെ ലഭ്യമായതായി കാണുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നംപർ/പേര് | പ്രോജക്ട് അടങ്കൽ | ലഭിച്ച ടെൻഡറുകൾ/ ടെണ്ടർ ഫീയുടെ |
|---|---|---|---|

| | | | |
|---|---|---|---|
| | | | വിവരം |
| 1 | 70/17-കണിയാംകുന്ന്-മുള്ളൻകുഴി റോഡ് | 520000/- | 3 x 1100=3300/-- |
| 2 | ചാരപുരം അങ്കണവാടി നിർമ്മാണം (നബാർഡ് ) | 810000/- | 3 x 1800=5400 |

ടെണ്ടർ ഫീസ് ഇനത്തിൽ ഒടുക്കിയ തുക (മുൻ വർഷങ്ങളിലേതുൾപ്പെടെ) എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 സീറോവേയ്സ്റ്റ് കോട്ടയം പദ്ധതി-പദ്ധതി നടത്തിപ്പിൽ കാലതാമസം

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ സീറോവേയ്സ്റ്റ് കോട്ടയം പദ്ധതി (പ്രോജക്ട് നം. 51/17) യ്ക്കായി വികസനഫണ്ടിൽ നിന്നും 269678- രൂപ (ബിൽ നം.155/29-3-17)ചെലവഴിച്ച് ഏറ്റുമാനൂർ ടാലന്റ് എന്റർപ്രൈസസിൽ നിന്നും 102 വേസ്റ്റ് ബിന്നുകൾ വാങ്ങിയിട്ടുണ്ട്. (1 എണ്ണത്തിന് 2643.90 രൂപ) ഉഴവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള വിവിധ ഗ്രാമപഞ്ചായത്തുകളിൽ നിന്നും പ്ലാസ്റ്റിക് ശേഖരിച്ച് റീസൈക്കിൾ ചെയ്യുന്ന ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതിയുടെ ഭാഗമായാണ് വേസ്റ്റ് ബിന്നുകൾ വാങ്ങിയത്. ഇവ 51 ശുചിത്വസഭകൾക്ക് വിതരണം ചെയ്ത് പ്ലാസ്റ്റിക് വേസ്റ്റ് ശേഖരിയ്ക്കുവാനാണ് ഉദ്ദേശിച്ചിരുന്നതെങ്കിലും ബ്ലോക്ക് പഞ്ചായത്തിൽ പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് യൂണിറ്റ് സ്ഥാപിച്ചിട്ടില്ലാത്തതിനാൽ വാങ്ങിയ ബിന്നുകൾ ശുചിത്വസഭകൾക്ക് കൈമാറാതെ പഞ്ചായത്തിൽ തന്നെ സൂക്ഷിച്ചിരിയ്ക്കുകയാണ് . ഇത് സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പിന് (നം.4) ബ്ലോക്ക് പഞ്ചായത്തിൽ പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് യൂണിറ്റ് സ്ഥാപിയ്ക്കുന്ന മുറയ്ക്ക് ബിന്നുകൾ ശുചിത്വസഭകൾക്ക് കൈമാറുന്നതാണെന്ന് മറുപടി നൽകി. പദ്ധതി പ്രവർത്തനക്ഷമമാക്കി ആയതിന്റെ റിപ്പോർട്ട് ലഭ്യമാക്കുന്നത് വരെ ചെലവുതുക 269678/- തടസ്സപ്പെടുത്തുന്നു.

### 3-2 ഓലിക്കാമല കുടിവെള്ള പദ്ധതി പിവിസി പൈപ്പ് സ്ഥാപിക്കൽ അധികനിരക്ക് നൽകിയത് നിരാകരിക്കുന്നു

പ്രോജക്ട് നം - s0126/17

കൺവീനർ- ശ്രീ.ജോഷി മാത്യു

ഫണ്ട് - ധനകാര്യകമ്മീഷൻ ഗ്രാന്റ്

എസ്റ്റിമേറ്റ് തുക - 400000/-

ചെലവ് 363430/-
ബിൽ നം/തുക - - 11/16-17/15.2.17

ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റിന്റെ 2-ാം ഐറ്റം 90 mm/10 kg/cm2 പിവിസി പൈപ്പ് ഇടുക എന്നതാണ്. ആയതനുസരിച്ച് 700 മീറ്റർ സ്ഥാപിച്ചതിന് മീറ്ററിന് 513.60- രൂപ (DSR 2014 Od bldg2/ 86) നിരക്കിൽ 359520/- കണക്കാക്കിയിട്ടുണ്ട് (എം ബുക്ക് നം 5/16-17,പേജ് ). എന്നാൽ ഹാജരാക്കിയ രണ്ടാനിക്കൽ ഏജൻസീസ് കുറവിലങ്ങാടിന്റെ ബിൽ പ്രകാരം 3”(75 mm) പിവിസി പൈപ്പ് ആണ് സ്ഥാപിച്ചിട്ടുള്ളത്. ഇത് സ്ഥാപിക്കുന്നതിനുള്ള അനുവദനീയമായ നിരക്ക് 354.90 രൂപയാണ്(DSR2014 OD bldg2/ 82) .ഇത്തരത്തിൽ 3” (75 mm )പി വി സി പൈപ്പ് വാങ്ങി സ്ഥാപിച്ചിട്ട് 90 mm ന്റെ നിരക്ക് നൽകിയതിനാൽ മീറ്ററിന് 158.70 രൂപ അധിക നിരക്കിൽ ആകെ 1,11,090/- രൂപ കൺവീനർക്ക് അധികം നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.10-ന് ലഭിച്ച മറുപടിയിൽ ബില്ലിൽ കാണിച്ചിരിക്കുന്നത് പൈപ്പിന്റെ ഉൾവശത്തെ അളവാണെന്ന് അറിയിച്ചിരിക്കുന്നു. ഇത് അംഗീകരിക്കാവുന്നതല്ല. ടി തുക കൺവീനറിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-3 സബ്സിഡി മാർഗ്ഗരേഖ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി എട്ട് ക്ഷീര സംഘങ്ങൾ വഴി ക്ഷീര കർഷകർക്ക് പാലളവിന് (ലിറ്ററിന് രണ്ട് രൂപ നിരക്കിൽ) സബ്സിഡി നൽകുന്ന പദ്ധതിയിൽ കുറവിലങ്ങാട് ഗ്രാമപഞ്ചായത്ത് പരിധിയിലെ മൂന്ന് ക്ഷീരസംഘങ്ങളിലേയും സമീപ പഞ്ചായത്തുകളിലെ അഞ്ച് ക്ഷീരസംഘങ്ങളിലെയും ആകെ എട്ട് ക്ഷീര സംഘങ്ങളിലെ ക്ഷീര കർഷകരേയാണ് ഗുണഭോക്താക്കളായി തെരഞ്ഞെടുത്ത് ലിറ്ററിന് രണ്ട് രൂപ നിരക്കിൽ പാലിന് സബ്സിഡി നൽകിയിരിക്കുന്നത്. ക്ഷീരസംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി പദ്ധതി ഇതേ ക്ഷീരസംഘങ്ങൾ സ്ഥിതി ചെയ്യുന്നതോ സമീപ പ്രദേശത്തുള്ളതുമായ പഞ്ചായത്തുകൾ നടപ്പിലാക്കുമ്പോൾ പ്രസ്തുത ഗുണഭോക്താക്കൾക്ക് സബ്സിഡി ആനുകൂല്യം ലഭിക്കുന്നില്ലെന്ന് ഡയറി എക്സ്റ്റൻഷൻ ഓഫീസർ ഉറപ്പുവരുത്തേണ്ടതും. ഗുണഭോക്താക്കളുടെ പക്കൽ നിന്ന് ഇതു സംബന്ധിച്ച സത്യവാങ്മൂലം വാങ്ങി സൂക്ഷിക്കേണ്ടതുമാണ്.

## 3-4 ഗ്രോബാഗ് വാങ്ങിയതിന്റെ ഇൻവോയിസ് ലഭ്യമല്ല

നിർവ്വഹണഉദ്യോഗസ്ഥൻ- കൃഷി ഓഫീസർ.

പ്രോജക്റ്റ് -0045/17(വനിതകൾക്ക് അടുക്കളതോട്ടം)

അടങ്കൽ -473000/-

ചെലവ് -4,50,000/- (ഡി.ഡി.നം.269639/22.03.17 തുക 1,50,000 + ബിൽ നം.2/16-17/20.03.17 തുക 3,00,000)

മേൽ പ്രോജക്റ്റ് പ്രകാരം, ഗുണഭോക്താക്കൾക്ക് 1000 ഗ്രോബാഗ് (വിത്ത്, ജൈവവളം) FEO കുറവിലങ്ങാട് എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ടി സ്ഥാപനത്തിന്റെ ഇൻവോയിസ് ലഭ്യമല്ല. ആയതിനാൽ 4,50,000/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

## 3-5 ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ- പദ്ധതി പൂർത്തീകരിക്കേണ്ടതാണ്

പ്രോജക്റ്റ് നം: S0011/17

(ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ)

ആകെ അടങ്കൽ- 6,73,100/-

കുറവിലങ്ങാട് ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിനായി മാനേജിങ് ഡയറക്ടർ ഔഷധി തൃശ്ശൂർ-ക്ക് ബിൽ നം. 41/16-17തിയതി 20.12.2016 പ്രകാരം 6,00,000/- രൂപയും ബിൽ നം. 52/16-17 തിയതി 30.03.17 പ്രകാരം 73,100/- രൂപയും ഉൾപ്പെടെ ആകെ 6,73,100/- രൂപ നൽകിയിരുന്നു. 14.01.17, 16.02.17, 09.03.17, 22.03.17, 27.06.17 എന്നീ തീയതികളിലായി യഥാക്രമം 318661/-, 76218/- 156210/- 31348/- 47497/- ആകെ 6,29,934/- രൂപയുടെ മരുന്നുകൾ അഞ്ച് തവണകളായി ലഭ്യമാക്കിയിട്ടുണ്ട്. ബാക്കി 43,166/- രൂപയുടെ മരുന്നുകൾ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാകാത്ത സാഹചര്യത്തിൽ 43,166/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-6 മരുന്ന് പൂർണ്ണമായി ലഭ്യമായിട്ടില്ല - ചെലവ് തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ഹോമിയോ മരുന്ന് വാങ്ങൽ (നം.4/17) പദ്ധതിയ്ക്കായി ആലപ്പുഴയിലെ കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് 150000/- (ഡിഡി നം. 565196/2-12-16) നൽകിയിട്ടുണ്ട്. എന്നാൽ 101900/- രൂപയുടെ മരുന്ന് മാത്രമേ നാളിതുവരെ ലഭ്യമായിട്ടുള്ളൂ. ലഭ്യമാക്കാനവശേഷിയ്ക്കുന്ന 48,100/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കേണ്ടതാണ്. മരുന്ന് ലഭ്യമാകാത്തതിനാൽ 48100/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-7 ഓണം മുൻകൂർ നൽകിയത് ക്രമീകരിച്ചിട്ടില്ല

ബിൽ നം 344/9.9.16 – 1,55,000/-

ഗ്രാമപഞ്ചായത്തിലെ എച്ച്.സി ആയിരുന്ന ശ്രീ.സി.ശ്യാംകുമാറിന് ഓണം മുൻകൂറായി 15000/-രൂപ അനുവദിച്ചിരുന്നു. എന്നാൽ നാളിതുവരെ 12000/- രൂപ മാത്രമേ ക്രമീകരിച്ചിട്ടുള്ളൂ. 3000/- രൂപ തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 വിനിയോഗ സാക്ഷ്യപത്രമില്ല- തുക തടസ്സപ്പെടുത്തുന്നു.

പദ്ധതി പൂർത്തീകരിച്ച് വിനിയോഗ വിവരം ലഭ്യമാക്കാത്തതിനാൽ ചുവടെ കൊടുത്തിരിയ്ക്കുന്ന പദ്ധതികൾക്കായി ചെലവഴിച്ച തുക 12,73,950/- തടസ്സപ്പെടുത്തുന്നു.

| നിർവണ ഉദ്യോഗസ്ഥൻ | പ്രോജക്റ്റ് നം. പേര് | വൗച്ചർനം/ ബിൽ നം | ചെലവഴിച്ച തുക | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|
| സെക്രട്ടറി | 156/17. വലിയതോട് ശുചീകരണം | ബിൽ നം. 136/ 28-3-17 | 495000- | മൈനർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് |
| .. | 157/17. സമ്പൂർണ്ണവൈദ്യു തീകരണം | ബിൽ നം.127/27-3-17 (12961/-)<br>ഡിഡിനം. 269640/22-3-17 (12039/-) | 25000- | കെ എസ് ഇ ബി |
| .. | 158/17. ഓലിയ്ക്കാമല കുടി വെള്ളപദ്ധതി ലൈൻ വലിയ്ക്കൽ | ബിൽ നം 130/20-3-17 (36570/-) ബിൽ നം.131/27-3-17 (94880-) | 131450- | കെ എസ് ഇ ബി |
| അസിസ്റ്റന്റ് സെക്രട്ടറി | 162/17. സമ്പൂർണ്ണവൈദ്യുതീ കരണം എസ് സി | ബിൽ നം 5/16-17/ 28-3-17 | 10000- | കെ എസ് ഇ ബി |
| എച്ച്.എം | എസ്എസ്എ | ഡിഡി നം. 565179/23-11-16 | 300000- | എസ്എസ് എ, കോട്ടയം |
| വെറ്ററിനറി സർജൻ | പ്രത്യേക കന്നുകുട്ടി പരിപാലനം | | 312500- | കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം, കോട്ടയം |
| | | ആകെ | 12,73,950 | |

## 3-9 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

2016-17 സാമ്പത്തികവർഷം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 14 വാർഡുകളിലും കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. തൻവർഷം ആകെ 258 പദ്ധതികൾ വിഭാവനം ചെയ്തതിൽ 188 പദ്ധതികൾക്ക് സാങ്കേതികാനുമതി ലഭിയ്ക്കുകയും

149 പദ്ധതികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. തൻവർഷം ആകെ 31356തൊഴിൽദിനങ്ങൾ സൃഷ്ടിയ്ക്കപ്പെടുകയും 719 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിയ്ക്കുകയും ചെയ്തു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നൽകിക്കൊണ്ട് നീർത്തടവികസനപ്രവർത്തനങ്ങളാണ് ചെയ്തത്. കൂടാതെ റോഡ് കോൺക്രീറ്റിംഗ് പ്രവർത്തികളും, ഐഎവൈ വീട് നിർമ്മാണം, കക്കൂസ് നിർമ്മാണം, കിണർ നിർമ്മാണം എന്നിവയും തൻവർഷം നടപ്പിലാക്കി. കാഷ്ബുക്ക് പ്രകാരമുള്ള തൻവർഷത്തെ ആകെ വരവ് ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 1956/- |
| വരവ് | 17836247/- |
| പലിശ | 1880/- |
| ആകെ | 17840083/- |
| ചെലവ് | 17828086/- |
| നീക്കിയിരിപ്പ് | 11997/- |

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച തിയതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത് | 30./.2017. | 400000- | ബുദ്ധിമാന്ദ്യം ഉള്ള കുട്ടികൾക്കുള്ള സ്കോളർഷിപ്പ്. | 400000 | 0 |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർനം/ബിൽ നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| മൈനർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് | വലിയതോട് ശുചീകരണം | ബിൽ നം. 136/ 28-3-17 | 495000/- | - | 495000 |
| കെ എസ് ഇ ബി | സമ്പൂർണ്ണവൈദ്യുതീകരണം | ബിൽ നം. 127/27-3-17 (12961/-)<br>ഡിഡിനം. 269640/22-3-17 (12039/-) | 25000/- | - | 25000 |

| | | | | | |
|---|---|---|---|---|---|
| " | ഓലിയ്ക്കാമല കുടിവെള്ളപദ്ധതി ലൈൻ വലിയ്ക്കൽ | ബിൽ നം. 130/20-3-17 (36570/-) ബിൽ നം.131/27-3-17 (94880-) | 131450/- | - | 131450 |
| " | സമ്പൂർണ്ണവൈദ്യുതീകരണം എസ് സി | ബിൽ നം. 5/16-17/ 28-3-17 | 10000/- | - | 10000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | വായ്പ എടുത്തത് | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ഇ എം എസ് സമ്പൂർണ്ണ ഭവന വായ്പ പദ്ധതി | ജിഒ(എംഎസ്) നം 637/2010/ തസ്വഭവ തീയതി 25/2/10 | 8077500 | 2278615 | 30000/- | 1295406 | | 1013209 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം-23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഓഡിറ്റ് | ഖണ്ഡികനം | സമാഹൃത | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| റിപ്പോർട്ട് വർഷം | | ഓഡിറ്റ് റിപ്പോർട്ട് വർഷം | നം | | |
| 2005-06 | പൊതു അവലോകനം | 2009-10 | 2-1 | കാഷ്ബുക്കും അനുബന്ധ രജിസ്റ്ററുകളും സൂക്ഷിയ്ക്കുന്നതിൽ വീഴ്ച | 30-09-13 ൽ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി പരിഗണിച്ചു. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 45256635 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 39070817 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 111090 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2084894 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-2 | | 1,11,090 | ശ്രീമതി ബ്ലെസി സി.ബേബി, അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 269678 | ശ്രീ.ബി.സജികുമാർ, സെക്രട്ടറി |
| 3-4 | 450000 | ശ്രീ.സാജൻ റ്റി.കെ., കൃഷി ഓഫീസർ |
| 3-5 | 43166 | ശ്രീ.സജിത് മാത്യൂസ്, സെക്രട്ടറി |
| 3-6 | 48100 | ശ്രീ.സജിത് മാത്യൂസ്, സെക്രട്ടറി |
| 3-8 | 651450 | ശ്രീ.ബി.സജികുമാർ, സെക്രട്ടറി |
| 3-8 | 10000 | ശ്രീമതി ബിന്ദു എസ്., അസിസ്റ്റന്റ് സെക്രട്ടറി |
| 3-8 | 300000 | ശ്രീമതി ഉഷാദേവി എൽ., എച്ച്.എം. |
| 3-8 | 312500 | ഡോ.സി.കെ.ഷാജു, വെറ്ററിനറി സർജൻ |
| ആകെ | 2084894 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ബ്ലെസി സി.ബേബി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, കുറവിലങ്ങാട് ഗ്രാമപഞ്ചായത്ത് | അറയ്ക്കപടമേൽ അറുനൂറ്റിമംഗലം പി.ഒ. കോട്ടയം – 686604 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-1997(വരവ്) | എൽ.എഫ്.കെ.പി 10/149/08, 15.12.2008 |
| 1997-98 | എൽ.എഫ്.കെ.പി 10/150/08, 15.12.2008 |
| 1998-99(വരവ്) | എൽ.എഫ്.കെ.പി 10/151/08, 15.12.2008 |
| 2003-04(ചെലവ്) | കെ.എസ്.എ-കെ.ടി.എം.പി- 4/56/16, 23.04.2016 |
| 2000-01 | എൽ.എഫ്.കെ.പി 1/190അദാ/എ5എ11, 29.08.2011 |
| 2004-05 | കെ.എസ്.എ-കെ.ടി.എം.പി- 4/56/16, 23.04.2016 |
| 2005-06 | കെ.എസ്.എ-കെ.ടി.എം.പി- 4/56/16, 23.04.2016 |
| 2006-07 | കെ.എസ്.എ-കെ.ടി.എം.പി- 4/56/16, 23.04.2016 |
| 2007-08 | എൽ.എഫ്.കെ.പി 4/355/13, 4.5.2013 |
| 2008-09 | എൽ.എഫ്.കെ.പി 4/355/13, 4.5.2013 |
| 2009-10 | എൽ.എഫ്.കെ.പി 4/355/13, 4.5.2013 |
| 2010-11, 2011-12 | എൽ.എഫ്.കെ.പി 4/257/13/20.8.16 |
| 2012-13 | എൽ.എഫ്.കെ.പി 4/442/14, 9.1.2015 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി- 4/1132/16, 20.8.2016 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി.4/1122/2016 തീയതി-03.08.2016 |
| 2015-16 | നം കെ എസ് എ.കെടിഎം.പി.4/1963/16 തീയതി. 9-1-17 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

# അനുബന്ധം 1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ-കെ.ടി.എം.പി.4/1415/2017 തീയതിഃ 14.09.2017

കേരള സംസ്ഥാന ഓഡിറ്റ വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.
ഫോൺഃ 04812564886
ഇ-മെയിൽഃ doktm.ksad@kerala.gov.in

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2016-17ലെ വാർഷിക ധനനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം